(ബി) മറ്റ് ചില സംസ്ഥാനങ്ങളിൽ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടത്താത്തതിന്റെ പേരിൽ നടപടി നേരിടുന്ന കമ്പനികൾ ഈ ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള കമ്പനികളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തേക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. 2013-14 സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിന് 3 വർഷത്തേക്കാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിനായി അനുമതി നല്കിയിട്ടുള്ളത്.

(ബി) ബാധകമല്ല.

ഫറോക്ക് ഇ.എസ്.ഐ.ആശുപത്രി

225 (926) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയുടെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിരവധി നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. ഈ ആശുപത്രി സംസ്ഥാന സർക്കാരിനുകീഴിൽ ഒരു മാതൃകാ ആശുപത്രിയായി ഉയർത്താനുള്ള തീരുമാനമെടുത്തു. ഇതിന്റെ ഭാഗമായി 2012-13 വർഷത്തിൽ 46,23,434 രൂപ ചെലവഴിച്ച് അനസ്തേഷ്യ മെഷീൻ, ഇ.സി.ജി. മോണിറ്റർ, CTG മെഷീൻ, ഓപ്പറേഷൻ ടേബിൾ, ഫോട്ടോതെറാപ്പി യൂണിറ്റ്, ആട്ടോക്ലേവ്, മൾട്ടി പാരാമോണിറ്റർ, ആട്ടോറിഫ്രാക്കോമീറ്റർ എന്നീ ഉപകരണങ്ങൾ ഈ ആശുപത്രിക്കുവേണ്ടി വാങ്ങിയിട്ടുണ്ട്. വടക്കൻ ജില്ലകളിലെ ഐ.പി.-കളുടെ ആശ്രയ കേന്ദ്രമായ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ CT സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. എച്ച്.ഡി.സി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വഴിയും നിരവധി വികസനപ്രവർത്തനങ്ങൾ ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ നടത്തിയിട്ടുണ്ട്. ഗൈനക്കോളജി വിഭാഗം മെച്ചപ്പെടുത്തി മുടങ്ങിക്കിടന്ന ലേബർ റൂം സൗകര്യം പുനഃസ്ഥാപിച്ചു. ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയിലെ സ്ട്രെയിനേജ് സംവിധാനം സംബന്ധിച്ച ഒരു പരാതി നിലവിലുണ്ട്. ഇതിനൊരു സ്ഥായിയായ പരിഹാരം കാണുന്നതിനുവേണ്ടി പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിലേക്ക് കത്തെഴുതിയിട്ടുള്ളതും ഇതിനുവേണ്ട നടപടി പുരോഗമിച്ചു വരികയും ചെയ്യുന്നു.

നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ തസ്തികകൾ

226(927) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

നാദാപുരം നിയോജക മണ്ഡലത്തിൽ പുതുതായി ആരംഭിച്ച നരപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ടെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കളിമണ്ണ് എടുക്കുന്നതിന് അനുമതി

227 (928) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ഉപജീവനത്തിനായി കളിമണ്ണ് എടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം ശ്രദ്ധിക്കുമോ;

(ബി) കളിമണ്ണ് ലഭിക്കാത്തതുകൊണ്ട് പ്രസ്തുത മേഖലയിൽ പ്രതിസന്ധി നിലനില്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരെ സംരക്ഷിക്കുന്നതിനും ഉല്പന്ന വിതരണത്തിനും സംഭരണത്തിനും വ്യക്തമായ നയം ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മൺപാത്ര തൊഴിൽ മേഖല ഉൾപ്പെടെ പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്ര നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?